# 1mg ക്വിക്ക് പിക്ക്


## കൊറോണ വൈറസ് : എങ്ങനെ പാക്കേജുകൾ സുരക്ഷിതമായി സ്വീകരിക്കാം?



1mg
Bringing Care to Health

Translation partner
Multibhashi
Language Learning Simplified

Download the 1mg App
Google Play | App Store
www.1mg.com




നോവൽ കൊറോണ വൈറസ് വസ്തുക്കളിലും/ പ്രതലങ്ങളിലും അന്തരീക്ഷ താപനില, ആർദ്രത മുതലായ കാരണങ്ങൾക്കനുസൃതമായി കുറച്ചു മണിക്കൂറുകൾ മുതൽ ദിവസങ്ങൾ വരെ തങ്ങി നിൽക്കാം.

# എന്റെ പാക്കേജുകൾ ഞാൻ അണുവിമുക്തമാക്കണോ?

സിഡിസിയുടെ "സ്വയ രക്ഷക്കുള്ള" ഉപദേശങ്ങളിൽ പാക്കേജുകൾ അണുവിമുക്തമാക്കുന്നതിനെ കുറിച്ച് മാർഗനിർദേശങ്ങൾ ഒന്നും നൽകിയിട്ടില്ല. അവരുടെ പൊതുവായ ഉപദേശം ഇങ്ങനെയാണ്: കൈകൾ കൂടെക്കൂടെ കഴുകുകയും ജനങ്ങളുമായി അടുത്ത സമ്പർക്കം ഒഴിവാക്കുകയും ചെയ്യുക.



**കൈകൾ ഇടയ്ക്കിടെ കഴുകുക**




**ജനങ്ങളുമായി അടുത്ത സമ്പർക്കം ഒഴിവാക്കുക**

**കുറച്ചു കൂടെ ജാഗരൂകരാകുക**

# ഓർഡറുകൾ നൽകുമ്പോൾ




- സ്വയം ക്രമപ്പെടുത്തി ഒരു വാങ്ങൽ ചെക്ക് ലിസ്റ്റ് ഉണ്ടാക്കുക

- ഓൺലൈൻ പേയ്മെന്റ് തിരഞ്ഞെടുക്കുക. കാശ്, കാർഡ് മുതലായവ ഉപയോഗിക്കുന്നത് ഒഴിവാക്കുക.

- കഴിയുമെങ്കിൽ, കുടുംബാംഗങ്ങൾക്കെല്ലാം വേണ്ടി ഒരാൾ ഓർഡർ നൽകുക.

# ഓർഡറുകൾ സ്വീകരിക്കുമ്പോൾ

• ഡെലിവറി നല്കുന്നയാളുമായി ഒരു മീറ്ററെങ്കിലും (ഒരു കയ്യകലം) അകലം പാലിക്കുക

• ഡെലിവറി നല്കുന്നയാളോട് പാക്കേജ് നിങ്ങളുടെ വാതിൽപ്പടിയിൽ വെക്കാൻ ആവശ്യപ്പെടുക. (അതവരുടെ സ്വയരക്ഷയ്ക്ക് വേണ്ടി കൂടെയാണ്!)

• ലഭ്യമാണെങ്കിൽ, സമ്പർക്കമില്ലാത്ത ഡെലിവറി എന്ന വഴി തിരഞ്ഞെടുക്കുക

• കുടുംബത്തിൽ ഒരാൾ മാത്രം പാക്കേജ് സ്വീകരിക്കട്ടെ!

• കഴിയുമെങ്കിൽ, പുറത്തെ പാക്കേജിങ് തുറന്നു അപ്പോൾ തന്നെ ചവറ്റുകുട്ടയിൽ ഇടുക

• പാക്കേജ് വസ്ത്രങ്ങളുമായി ചേർത്ത് പിടിക്കരുത്

# ഓർഡറുകൾ സ്വീകരിച്ച ശേഷം



- പാക്കേജ് പലരുമായി കൈമാറരുത്

- പാക്കേജ് പല സ്ഥലങ്ങളിലേക്ക് മാറ്ററുത്, പാക്കേജ് ഇടാൻ ഒരു സ്ഥലം തിരഞ്ഞെടുക്കുക

- പാക്കേജ് സ്വീകരിച്ചു തുറന്നതിനു ശേഷം നിങ്ങളുടെ കൈകൾ കഴുകുക

- പാക്കേജുകൾ കൈകാര്യം ചെയ്യുമ്പോൾ ഒരു ഹാൻഡ് സാനിറ്റൈസർ കൈയെത്തും ദൂരത്തു വെക്കുക.

# 1mg സൂപ്പർ ടിപ്പ്

പാക്കേജ് സ്വീകരിക്കാൻ പോകുമ്പോൾ, "കൂടെക്കൂടെ സ്പർശിക്കുന്ന പ്രതലങ്ങളായ" എലിവേറ്റർ ബട്ടൺ, മുൻ വാതിലിന്റെ കൈപിടികൾ, പാക്കേജ് സ്വീകരിച്ചു ഒപ്പിടാൻ ഉപയോഗിക്കുന്ന ടച്ച് സ്ക്രീൻ പേന മുതലായവ സ്പർശിക്കാതിരിക്കാൻ ശ്രദ്ധിക്കുക.



**അവലംബങ്ങൾ :**

*https://www.who.int/news-room/q-a-detail/q-a-coronaviruses
**https://www.cdc.gov/coronavirus/2019-ncov/prepare/prevention.html


# ചുരുക്കി പറഞ്ഞാൽ



ഓൺലൈൻ പേയ്മെന്റ് വഴികളിലേക്ക് മാറുക



പൊതിയഴിച്ച ശേഷം ഏറ്റവും പുറമെയുള്ളതു ഉടനെ തന്നെ കളയുക



അതിനു ശേഷം കൈകൾ കഴുകുക

1mg

# Bringing Care to Health

Translation partner
Multibhashi
Language Learning Simplified

Download the 1mg App

Google Play | App Store

www.1mg.com